ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒന്നും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 16-ഉം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലിൽ 30 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി

146 [309] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജും അപ്ലൈഡ് സയൻസ് കോളേജും ഉൾപ്പെടെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച സ്ഥലം എം.എൽ.എ.-യുടെ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) നിർദ്ദിഷ്ട പോസ്റ്റുമെട്രിക് ഹോസ്റ്റൽ 2004-2005 വർഷം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചീമേനിയിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. സാദ്ധ്യതാ പഠനം നടത്തിവരുന്നു.

അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തനം

147 [310] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മണ്ണന്തലയിലുള്ള നിർദ്ദിഷ്ട അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അംബേദ്ക്കർ ഭവൻ എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

(ഡി) അംബേദ്ക്കർ ഭവൻ നിർമ്മാണ ചുമതല വിലയിരുത്തുവാനും ഏകോപിപ്പിക്കുവാനും പ്രത്യേക ഔദ്യോഗിക സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) ഈ ആവശ്യത്തിലേക്കായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുമോ?

ഉത്തരം

(എ) അംബേദ്ക്കർ ഭവൻ നിർമ്മിക്കുന്നതിലേക്കായി തിരുവനന്തപുരത്ത് മണ്ണന്തലയിലുള്ള ഗവ. പ്രസ്സിന്റെ അധീനതയിലുള്ള 10 ഏക്കർ സ്ഥലം പട്ടികജാതി വികസന വകുപ്പിന് സൗജന്യമായി കൈമാറ്റം ചെയ്തുകൊണ്ടുത്തരവായിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ അംബേദ്ക്കർ ഭവന്റെ പ്രവർത്തനം ഒരു വാടക കെട്ടിടത്തിൽ ഉടനെ ആരംഭിക്കാൻ ആലോചിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ഇപ്പോൾ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള സംവിധാനമുണ്ട്.

(ഇ) ആവശ്യപ്പെടുന്നതാണ്.

തൃക്കാക്കര കെ.ബി.പി.എസ്സിലെ അച്ചടി ജോലികളും ജീവനക്കാരുടെ സേവന വേതന പരിഷ്കരണവും

148 [311] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കെ.ബി.പി.എസ്സിനു സർക്കാർ വേണ്ടത്ര അച്ചടി ജോലികൾ നൽകാത്തതുമൂലം സ്ഥാപനം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ, എക്സൈസ് വകുപ്പിനുവേണ്ട ഹോളോഗ്രാം മുതലായവ പൂർണ്ണമായും കെ.ബി.പി.എസ്സിൽ അച്ചടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.ബി.പി.എസ്സിലെ ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ പരിഷ്കരിക്കുവാൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly